"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - 'ഇന്ദിരാ ഗ്യാരണ്ടി'-യുടെ ഭാഗമായി 'പ്രിയദർശിനി' പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്കും ട്രാൻ സ്ജെൻ ഡേഴ്സിനും സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(കൈ) നം.16/2026/TRANS തീയതി, തിരുവനന്തപുരം, 11-06-2026

---

പരാമർശം:-

1. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 04.06.2026 തീയതിയിലെ S001-TRO2/3/2026-OPRS-KSRTC-HQ നമ്പർ കത്ത്.
2. 10/06/2026-ലെ മന്ത്രിസഭാ യോഗത്തിന്റെ മിനുട്സ്.

**ഉത്തരവ്**

നമ്മുടെ സമൂഹത്തിലെ എല്ലാ സ്ത്രീകൾക്കും പരിമിതികൾ കൂടാതെ യാത്ര ചെയ്യുന്നതിനുള്ള അവസരം സൃഷ്ടിച്ചുകൊണ്ട് പങ്കാളിത്ത പൂർണ്ണവും ഊർജ്ജസ്വലവുമായ ഒരു സമൂഹ നിർമ്മിതിക്കും ഇത് വഴി സ്ത്രീകളുടെ തൊഴിൽ അവസരങ്ങളുടെ വർദ്ധനവും സാമ്പത്തിക സാമൂഹിക ശാക്തീകരണവും സാധ്യമാക്കുന്ന ഒരു പദ്ധതി 'ഇന്ദിരാ ഗ്യാരണ്ടി'-യുടെ ഭാഗമായി 'പ്രിയദർശിനി' എന്ന പേരിൽ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്കായുള്ള സൗജന്യ യാത്രാ പദ്ധതി കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ നടപ്പാക്കുന്നതിനുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'പ്രിയദർശിനി' പദ്ധതിയുടെ ആദ്യ ഘട്ടമായി 15.06.2026 മുതൽ പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി സർവ്വീസുകളിലും സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. പദ്ധതിയുടെ നിർവ്വഹണ ഫലവും നടപ്പാക്കൽ രീതിയുടെ കാര്യക്ഷമതയും വിലയിരുത്തിയ ശേഷം തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതാണ്.

4. പദ്ധതിയുടെ സാമ്പത്തിക ചെലവ് പൂർണ്ണമായി സംസ്ഥാന സർക്കാർ വഹിക്കുന്നതും കെ.എസ്.ആർ.ടി.സി.യുടെ ധനപരമായ കരാർ ബാദ്ധ്യതകളും, ദൈനംദിന ഓപ്പറേഷണൽ ചെലവു തുകകളും ഉറപ്പ് വരുത്തികൊണ്ട് സുഗമമായ ഒരു ക്യാഷ് ട്രാൻസ്ഫർ - ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം നടപ്പാക്കുന്നതുമാണ്. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നികത്തുന്നതിനുള്ള ടിക്കറ്റിതര വരുമാനം (Non fare Revenue) കണ്ടെത്തുന്നതിനുള്ള നടപടി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,

കെ.എസ്.ആർ.ടി.സി. സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ്( Item No....dated 10.06.2026)
വിവര പൊതു ജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (E 3525761)

ഉത്തരവിൻ പ്രകാരം,
Signed by
Sudheesh C P
Date: 11-06-2026 15:31:27
സെക്ഷൻ ഓഫീസർ.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.-ക്ക്.

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

ഗതാഗത (ഒ.എസ്) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
10 JUN 2026
Govt. Secretariat
Transport (OS) Department

**തീയതി : 10-06-2026**

ഇനം നം : **35**

**O.A.**

വിഷയം : ഗതാഗത വകുപ്പ് - കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളിൽ സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഇന്ദിരാ ഗ്യാരണ്ടി പദ്ധതി നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ -

(1) - അംഗീകരിച്ചു.

(2) - "ആദ്യ നൂറ് ദിവസങ്ങൾകൊണ്ട്" എന്ന ഭാഗം ഒഴിവാക്കി അംഗീകരിച്ചു.

(3) - അംഗീകരിച്ചു.

(4) - പദ്ധതിയ്ക്ക് "പ്രിയദർശിനി" എന്ന പേര് നൽകാൻ തീരുമാനിച്ചു.

പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നികത്തുന്നതിനുള്ള ടിക്കറ്റിതര

(...2)

AS (Trans-A)
Put up urgently
10/6/26
11-06

വരുമാനം (Non-Fare Revenue) കണ്ടെത്തുന്നതിനുള്ള നടപടി ഗതാഗത വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഗതാഗത വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

OA

10-06-2026

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

***കെ.എസ്.ആർ.ടി.സി ബസ് സർവീസുകളിൽ സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഇന്ദിരാ ഗ്യാരണ്ടി പദ്ധതിയെ സംബന്ധിച്ചാണ് ഈ കുറിപ്പ്.***

2. 18.05.2026-ന് ചേർന്ന മന്ത്രിസഭാ യോഗം, 15.06.2026 മുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളിൽ സ്ത്രീകൾക്കായി സൗജന്യ യാത്രാപദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശത്തിന് തത്വത്തിൽ അംഗീകാരം നൽകുകയും, പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

3. സ്ത്രീകൾക്കായുള്ള സൗജന്യ യാത്രാപദ്ധതിയ്ക്കായി, കെ.എസ്.ആർ.ടി.സി. നടത്തിയ ഓപ്പറേഷണൽ സാമ്പിൾ സ്റ്റഡിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കുറിപ്പും പ്രൊപ്പോസലും കെ.എസ്.ആർ.ടി.സി. ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് റഫറൻസിനായി ഇതോടൊപ്പം വയ്ക്കുന്നു. എല്ലാ സ്ത്രീകൾക്കും പരിമിതികൾകൂടാത യാത്ര ചെയ്യുന്നതിനുള്ള അവസരം സൃഷ്ടിച്ചുകൊണ്ട് പങ്കാളിത്ത പൂർണ്ണവും ഊർജ്ജസ്വലവുമായ ഒരു സമൂഹ നിർമ്മിതി ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ സൗജന്യ യാത്രാപദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ചരിത്രപരമായ ഒരു സാമൂഹിക പരിവർത്തന നടപടിയാണ്. ഇത് സ്ത്രീകളുടെ തൊഴിൽ അവസരങ്ങളുടെ വർദ്ധനവും സാമ്പത്തിക സാമൂഹിക ശാക്തീകരണവും സാധ്യമാക്കും.

ഈ പ്രപ്പോസലിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാതൃകകൾ, കെ.എസ്.ആർ.ടി.സി. നടത്തിയ റിയൽ ടൈം ഓപ്പറേഷണൽ സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക എസ്റ്റിമേറ്റുകളോടെ ചുവടെ ചേർക്കുന്നു.

| മോഡൽ | പ്രതിമാസ ചെലവ് | വാർഷിക ചെലവ് |
|---|---|---|
| മോഡൽ A (എല്ലാ ഓർഡിനറി സർവീസുകളിലും മാത്രം) | ₹59–60 കോടി | ₹710–720 കോടി |
| മോഡൽ A1 (തിരുവനന്തപുരം നഗരത്തിലെ സിറ്റി ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ മാത്രം) | ₹6–6.1 കോടി | ₹72–73 കോടി |
| മോഡൽ A2 (ഓർഡിനറി സർവീസുകൾ + സിറ്റി ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ) | ₹65–66 കോടി | ₹783–792 കോടി |
| മോഡൽ A3 (ഓർഡിനറി സർവീസുകൾ + സിറ്റി ഫാസ്റ്റ് പാസഞ്ചർ + ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ) | ₹88–91 കോടി | ₹1,056–1,092 കോടി |
| മോഡൽ B (എല്ലാ നോൺ-എ.സി. സർവീസുകളും / എ.സി. വിഭാഗത്തിന് താഴെയുള്ള സർവീസുകളും) | ₹104–105 കോടി | ₹1,256–1,265 കോടി |
| മോഡൽ C (എ.സി.യും പ്രീമിയം സർവീസുകളും ഉൾപ്പെടെ എല്ലാ സർവീസുകളും) | ₹112–113 കോടി | ₹1,350–1,360 കോടി |

മുകളിലെ എസ്റ്റിമേറ്റുകൾ സീസണൽ ഘടകങ്ങൾക്കനുസൃതമായി മാറ്റങ്ങൾക്ക് വിധേയമാണ്.

ബഹു.മുഖ്യമന്ത്രി, ബഹു.ഗതാഗത വകുപ്പ് മന്ത്രി, ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറി, നിയമസെക്രട്ടറി, കെ.എസ്.ആർ.ടി.സി. സി.എം.ഡി., ട്രാൻസ്പോർട്ട് വകുപ്പ് അധികാരികൾ മുതലായവരുടെ സാന്നിദ്ധ്യത്തിൽ 08-06-2026 ന് വിളിച്ച് ചേർത്ത യോഗത്തിൽ മോഡൽ എ, അതായത് എല്ലാ ഓർഡിനറി സർവ്വീസുകളും ഉൾപ്പെടുത്തി ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനും ആയതിന്റെ പ്രായോഗിക ക്ഷമതയും നടപ്പിലാക്കുന്നതിന്റെ രീതിയും ആദ്യത്തെ നൂറ് ദിവസങ്ങളിൽ വിലയിരുത്തുന്നതിനും തീരുമാനിച്ചു. ഈ പദ്ധതിയുടെ ആനുകൂല്യം പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും ലഭ്യമാക്കുന്നതിനും തീരുമാനിച്ചു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുണ്ടാകുന്ന ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരിൽ നിന്നും കെ.എസ്.ആർ.ടി.സിയ്ക്ക് കൈമാറി നൽകുന്നതാണ്. ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സിയ്ക്ക് തടസ്സരഹിതമായി സാമ്പത്തിക ലഭ്യത, അവരുടെ ധനപരമായ കരാർ ബാദ്ധ്യതകളും ദൈനംദിന പ്രവർത്തന ചെലവുകളും പൂർണ്ണമായി ഉറപ്പ്

വരുത്തത്തക്ക രീതിയിൽ സാധ്യമാക്കുന്നതിനുള്ള ഒരു ഫിനാൻഷ്യൽ സംവിധാനം കെ.എസ്.ആർ.ടി.സി യുമായി ചേർന്ന് രൂപീകരിക്കുന്നതിന് ധാനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഈ വിഷയം മന്ത്രിസഭ മുമ്പാകെ തീരുമാനത്തിനായി സമർപ്പിക്കാൻ യോഗത്തിൽ തീരുമാനിച്ചു.

**തീരുമാനമെടുക്കേണ്ട വിഷയങ്ങൾ**

1) സംസ്ഥാന സർക്കാരിന്റെ ഇന്ദിരാ ഗ്യാരന്റി പദ്ധതിയുടെ ഭാഗമായി പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജന്ഡർ വ്യക്തികൾക്കുമായി കെ.എസ്.ആർ.ടി.സി. ബസുകളിലുള്ള സൗജന്യ യാത്രാസ്കീം 15-06-2026 മുതൽ നടപ്പിലാക്കുന്നതിനു അംഗീകാരം നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഗതാഗതവകുപ്പിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിക്കാമോ ?

2) പട്ടികയിൽ നൽകിയിട്ടുള്ള പ്രകാരം മോഡൽ എ (എല്ലാ ഓർഡിനറി സർവ്വീസുകളിലും മാത്രം) ആദ്യ ഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതിനും ആയതിന്റെ നിർവഹണ ഫലവും നടപ്പാക്കൽ രീതിയുടെ കാര്യക്ഷമതയും ആദ്യ നൂറ് ദിവസങ്ങൾ കൊണ്ട് വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും തീരുമാനിക്കാമോ ?

3) പദ്ധതിയുടെ സാമ്പത്തിക ചെലവ് പൂർണ്ണമായി സംസ്ഥാന സർക്കാർ വഹിക്കുന്ന തരത്തിൽ, കെ.എസ്.ആർ.ടി.സി. യുടെ ധനപരമായ കരാർ ബാദ്ധ്യതകളും ദൈനംദിന ഓപ്പറേഷണൽ ചെലവു തുകകളും ഉറപ്പ് വരുത്തിക്കൊണ്ട്, സുഗമമായ ഒരു ക്യാഷ് ട്രാൻസ്ഫർ - ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം, കെ.എസ്.ആർ.ടി.സി .യുമായി ചേർന്ന് നടപ്പിലാക്കുന്നതിനു ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്താമോ?

4) പദ്ധതിക്ക് ഉചിതമായ ഒരു പേര് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതിന് ഗതാഗത വകുപ്പിനെ ചുമതലപ്പെടുത്താമോ ?

**സി.പി. ജോൺ**
**ഗതാഗത വകുപ്പ് മന്ത്രി**
**കേരള സർക്കാർ**

# NOTE

## *Free Bus Travel for Women in KSRTC Services*

## I. Conditions for Free Travel

The conditions governing the concession determine the classes of service on which free travel will be admissible and any limits placed upon it. The following conditions may be considered:

(a) Restriction by class of service, which may be confined to any one of the following —

- all ordinary services;
- all ordinary and city fast services operated in Thiruvananthapuram;
- all ordinary, city fast and Fast Passenger services;
- all ordinary, city fast, Fast Passenger and Super-Fast services.

(b) Restriction of the concession to in-State services.

(c) A ceiling expressed in kilometres or in fare value.

(d) A ceiling on the monthly travel amount per beneficiary.

The conditions adopted in States that have implemented similar schemes are summarised below for reference:

**Delhi** — Non-AC ordinary services.

**Tamil Nadu** — Ordinary (town and city buses).

**Punjab** — AC and Volvo buses excluded.

**Karnataka** — All categories except AC / luxury; intra-State travel only.

**Telangana** — About 81% of the Telangana RTC fleet — Pallevelugu, Express and city ordinary services; intra-State.

**Andhra Pradesh** — About 74% of the Andhra Pradesh RTC fleet — Pallevelugu, Ultra Pallevelugu, City Ordinary, Express and Metro Express.

## Projected financial commitment by class of service (based on trial)

| Model | Coverage | Monthly (Rs cr) | Annual (Rs cr) |
|---|---|---|---|
| A | Ordinary services only | 59–60 | 710–720 |
| A1 | City Fast Passenger only (TVM city) | 6.0–6.1 | 72–73 |
| A2 | Ordinary + City Fast Passenger | 65–66 | 783–792 |
| A3 | Ordinary + City Fast Passenger + Fast Passenger | 88–91 | 1,056–1,092 |
| B | All non-AC / below-AC services | 104–105 | 1,256–1,265 |
| C | All services incl. AC & premium | 112–113 | 1,350–1,360 |

*Figures derived from the pilot;*

| Class of service | No. of Buses |
|---|---|
| Ordinary | 3413 |
| Fast Passenger | 1231 |
| Premium Class | 1096 |
| Driving School Bus | 32 |
| **Total Buses** | **5772** |

**Point for Decision**

The classes of service on which free travel is to be permitted, and the restrictions, if any, are to be decided.

## II. Mode of Implementation

The mode by which eligibility for free travel is established and the concession is delivered may be adopted on any one of the following models, each of which is in use in one or more States:

(a) Issue of a smart card by KSRTC. This mode is followed by Delhi (Pink card for Delhi residents), Karnataka (Shakti smart card, domicile in Karnataka), Andhra Pradesh ( Sakthi card, domicile in Andhra Pradesh) and West Bengal.

(b) Authentication through individual identity documents such as Aadhaar or any valid Government-issued identity card. This mode is followed in Telangana (Aadhaar, domicile Telangana) and Punjab (proof of residence — Aadhaar / Voter ID for domicile in Punjab).

(c) Free travel without any identification requirement, as followed in Tamil Nadu (all women, transgender persons and girls in higher education; no domicile or residency condition).

(d) Issue of a zero-value ticket to record each concessional journey.

A related question is the inclusion of transgender persons within the scheme. Transgender persons are presently included in the schemes of Karnataka, Andhra Pradesh, Telangana and Tamil Nadu.

**Point for Decision**

(i) The mode of implementation is to be decided.

(ii) The inclusion of transgender persons is to be decided.

## III. Settlement Mechanism

The mechanism for reimbursement of fare against the concession extended may be adopted on either of the following models:

(a) Advance payment for one month, followed by periodic settlement based on reimbursement of the actual fare against zero-value tickets issued for the actual distance travelled.

(b) Daily settlement against zero-value tickets issued for the actual distance travelled.

**Point for Decision**

The financial model for settlement is to be decided.

**Note**

As of now, the collection of 59 depots is remitted to an escrow account on a daily basis towards repayment of the loan availed from the consortium of banks. The daily repayment amount is Rs 1,19,13,000/-.

Against the principal of Rs 3,100 crore availed on 01.04.2018, the outstanding as on 31.05.2026 is Rs 2,597 crore.

In view of the above, a daily reimbursement/settlement with one day's payment held as an advance is the preferred arrangement.

## Summary of Decisions Sought

The decision of the competent authority is solicited on the following points:

1. The mode of implementation of the scheme (smart card issued by KSRTC; authentication by Aadhaar / Government ID; without identification; or zero-value ticket).
2. The inclusion of transgender persons within the scheme.
3. Whether the card cost of Rs 40/- is to be collected from the beneficiary as a one-time charge.

4. The classes of service on which free travel is to be permitted, and the restrictions, if any (class of service, in-State limitation, ceiling in kilometres / fare, and monthly ceiling).

5. The financial model for settlement (advance for one month with periodic settlement, or daily settlement).

# NOTE FOR COUNCIL OF MINISTERS

This note deals with the implementation of the Free Bus Travel for Women in KSRTC bus services as a part of Indira Guarantee scheme of the State Government.

2. The meeting of the Council of Ministers held on 18.05.2026 had approved the proposal in principle to implement Free Bus Travel for Women in KSRTC bus services with effect from 15.06.2026.

3.The Chairman & Managing Director, KSRTC has submitted a Note on the summary of operational sample study report and proposal for implementing the Free Bus Travel for Women in KSRTC services. A copy of this note is attached for reference. This initiative aims to create a more inclusive and vibrant society where every woman has the right to commute without constraints .The proposed free travel scheme is a historical transformative measure undertaken by the State government. This will enhance the employment mobility for female workers, fostering economic independence and empowerment for women as a whole.

The proposal presented the expected financial estimates of the following models of implementation, based on the real time operational sample survey conducted by KSRTC.

| Model | Monthly | Annually |
|---|---|---|
| Model A (Ordinary services only) | Rs. 59-60 cr | Rs.710-720 Cr |
| Model A1 (City Fast Passenger only (Trivandrum)) | Rs.6-6.1 cr | Rs.72-73 Cr |
| Model A2 (Ordinary City Fast Passenger) | Rs.65-66 Cr | Rs.783-792 Cr. |
| Model A3 (Ordinary+ City Fast Passenger + Fast Passenger) | Rs.88-91 Cr | Rs.1056-1092 Cr. |
| Model B (All non-AC/services below AC) | Rs.104- 105 Cr | Rs.1256-1265 Cr |
| Model C (All services including AC & Premium) | Rs.112- 113 Cr | Rs.1350-1360 Cr |

The above figures are subject to variation based on the actual/seasonal effects.

In the meeting convened by the Hon. Chief Minister on 8th June in the presence of Hon.Minister for Transport, ACS Finance, Secretary Law, CMD KSRTC, authorities of Transport department and others, it was decided to recommend the scheme in the Model A- that is All Ordinary services only as the Ist Phase, and to analyze the impact after 100 days of implementation. It was also decided to extend the benefit to the transgender community also. The state government shall undertake full expenditure of the scheme by transferring the entire amount to KSRTC. The Additional Chief Secretary, Finance has been directed to frame an effective mechanism to ensure seamless cashflow for implementing the scheme, so that the financial commitments and the daily operational cost of KSRTC are secured.

The meeting decided to place the matter before the council of ministers for decision.

## POINTS FOR DECISION

1. Whether the Scheme for Free Travel in KSRTC Buses for Female and Transgender persons of all age group may be implemented w.e.f. 15.06.2026 as a part of the Indira Guarantee scheme of the State Government ?

2. Whether Model A (All Ordinary Services only) as shown in the table above, may be adopted as Ist Phase with provision to analyse the impact and mode of implementation after 100 days of implementation for improvements ?

3. Whether Finance department may be entrusted to frame a mechanism jointly with KSRTC to ensure seamless cashflow for implementing the scheme, i.e. to transfer the cost by Zero value ticketing against the actual fare of travel ?

4. whether Transport department may be authorized to select a suitable name for the scheme in consultation with the stakeholders ?